എന്നിവിടങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുണ്ട്. സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഡൽഹിയിൽ പോകുന്നതിനും, അനിശ്ചിതമായി അവിടെ കഴിച്ചു കൂട്ടുന്നതിനും ധനപരമായും, മാനസികമായും ബുദ്ധിമുട്ടനുഭവപ്പെടുകയും ചെയ്യുന്ന കാര്യം സർക്കാരിന് ബോദ്ധ്യമാവുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രസ്തുത മന്ത്രാലയങ്ങൾ സംയുക്തമായി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലേക്കായി ഒരു ഏകജാലക സംവിധാനം (single window system) സംസ്ഥാനത്ത് ആരംഭിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. ഒരു മുന്നംഗ മന്ത്രിതല സംഘം പ്രധാനമന്ത്രിയെ കാണുകയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി കേന്ദ്ര മാനവശേഷി മന്ത്രാലയം ഒരു സെൽ സംസ്ഥാനത്ത് തുറക്കുന്നതിന് തയ്യാറായിട്ടുണ്ട്.

(ഡി) കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ സെൽ ആരംഭിക്കുന്നതിന് നോർക്ക വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവി'ൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിലെ ഒരു ഡെപ്യൂട്ടി സെക്രട്ടറി സ്ഥലം സന്ദർശിച്ച് പര്യാപ്തതകൾ ബോദ്ധ്യമായി മടങ്ങുകയുണ്ടായി.

(ഇ) കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ ചാർജ് എടുക്കുന്ന മുറയ്ക്ക് സെൽ പ്രവർത്തനക്ഷമമാകുന്നതാണ്.

നോർക്ക, റൂട്ട്സ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച ലഘുലേഖ

149 [701] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികാര്യ വകുപ്പിന്റെ അധീനതയിലുള്ള 'നോർക്ക', 'റൂട്ട്സ്' എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലഘുലേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) 'നോർക്ക', 'പ്രവാസി മലയാളികളുടെ ക്ഷേമത്തിന്', 'പ്രവാസികൾക്കായി' എന്നീ ലഘു പുസ്തകങ്ങളും 'സമാഗമം-2001', 'സമവായം-2001', 'കോംപൻസേഷൻ ക്ലെയിംസ് ഫ്രം കുവൈറ്റ്' എന്നീ ഫോൾഡറുകളും സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.† പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. 'റൂട്ട്സി'നെ സംബന്ധിച്ച് 'പ്രവാസികൾക്കായി', 'Roots Represent Man's Homeward Journey', 'Opportunities Unlimited' എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly